# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 29 08.06.2015 ൽ മറുപടിയ്ക്ക്

## സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവത്ക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ജോസഫ് വാഴയ്ക്കൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അവയുടെ ഭവിഷ്യത്തുകളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവത്ക്കരിക്കാൻ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. സൈബർ കുറ്റകൃത്യങ്ങളും, ഇന്റർനെറ്റിലൂടെ വിവിധ രൂപത്തിലുള്ള സാമ്പത്തിക തട്ടിപ്പുകളും, ഫെയ്സ് ബുക്ക്, വാട്സ്അപ്പ് മുതലായ സോഷ്യൽ മീഡിയകളിലൂടെ വ്യക്തിപരവും, മതപരവും, രാജ്യദ്രോഹപരവുമായ കുറ്റകൃത്യങ്ങൾ മുതലായവ തടയുന്നതിനും, സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും, അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും, വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനും വേണ്ടി പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും, ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമായി ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകാറുണ്ട്. കൂടാതെ ജനമൈത്രി പോലീസ്, വിവിധ സന്നദ്ധ സംഘടനകൾ, അക്ഷയകേന്ദ്രങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവയുടെ സഹകരണത്തോടെയും വിദ്യാർത്ഥികൾക്ക് ബോധവത്കരണവും, ക്ലാസ്സുകളും നടത്തി വരുന്നു. പോലീസ് സ്റ്റേഷനുകൾ മുഖാന്തിരം അതാതു പ്രദേശത്തെ സ്കൂളുകൾ, കോളേജുകൾ, റസിഡൻഷ്യൽ അസ്സോസിയേഷനുകൾ, ക്ലബ്ബുകൾ, മറ്റ് ഇതര സാംസ്കാരിക സംഘടനകൾ എന്നിവ സംഘടിപ്പിക്കുന്ന കൂട്ടായ്മയിലും, സൈബർ കുറ്റകൃത്യങ്ങളെ ക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും ബോധവൽക്കരണ ക്ലാസുകൾ നടത്താറുണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ CERT-ന്റെ (Compter Emergency Response Team) സഹകരണത്തോടെ മുൻകരുതൽ നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) എങ്കിൽ ആരുടെയെല്ലാം സഹകരണത്തോടെയാണ് പരിപാടികൾ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) സ്കൂളുകൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, നാഷണൽ സർവ്വീസ് സ്കീം, ഐ.സി.ഡി.എസ്. പ്രോജക്ട്, സന്നദ്ധ സംഘടനകൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, ദൃശ്യ- |

ശ്രവ്യ-പത്ര മാധ്യമങ്ങൾ എന്നിവരുമായി ചേർന്നും, കൂടാതെ ജനമൈത്രീ പോലീസ്, റസിഡന്റ്സ് അസ്സോസിയേഷനുകൾ, പി.ടി.എ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ക്ലബ്ബുകൾ, കേരളാ വനിതാ കമ്മീഷൻ മറ്റ് ഇതര സാംസ്കാരിക സന്നദ്ധ സംഘടനകൾ എന്നിവയുടെയും സഹകരണത്തോട്ടുകൂടിയുമാണ് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നത്.

(സി) എന്തെല്ലാം ബോധവത്കരണ പരിപാടികളാണ് ഇതിനായി ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(സി) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും, അവയുടെ ഭവിഷ്യത്തുകളെക്കുറിച്ചും, അവയ്ക്ക് ഇരയാകാതിരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും, ഇരകളായാൽ സ്വീകരിക്കേണ്ട കാര്യങ്ങളെക്കുറിച്ചും, നിയമ നടപടികളെക്കുറിച്ചും ഉള്ള ബോധവൽക്കരണ ക്ലാസ്സുകളാണ് പ്രധാനമായും നടത്തി വരുന്നത്. പവർ പോയിന്റ് പ്രസന്റേഷൻ സ്ളൈഡുകളുടെ വീഡിയോ പ്രദർശിപ്പിച്ച് ഇന്റർനെറ്റ്, സോഷ്യൽ മീഡിയകൾ, മൊബൈൽ ഫോണുകൾ എന്നിവയുടെ ദുരുപയോഗം മൂലമുള്ള അപകടങ്ങൾ മനസ്സിലാക്കി കൊടുക്കുന്നു. ദൃശ്യ മാധ്യമങ്ങളിൽ സൈബർ കുറ്റകൃത്യത്തെകുറിച്ചും അതിന്റെ ഭവിഷ്യത്തുകളെക്കുറിച്ചും വിശദീകരിക്കുന്നു. മൊബൈൽ സുരക്ഷിതമായി ഉപയോഗിക്കുന്നതിനെക്കുറിച്ചും Security Safety & Ethics for Teenagers, Internet Safety Basics എന്നതിനെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നു. കൂടാതെ Chatting with Strangers e-mail, Social Network Sites എന്നിവയിൽ എന്തെല്ലാം ചെയ്യാൻ പാടില്ല എന്നിതിനെക്കുറിച്ചും ക്ലാസ്സുകൾ എടുക്കുന്നുണ്ട്. ഐ.ടി. ആക്ടിലെ പ്രധാനപ്പെട്ട റൂളുകളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നുണ്ട്. അച്ചടി മാധ്യമങ്ങൾ വഴിയും, ജില്ലാ പോലീസ് മേധാവിമാരുടെ ഫെയ്സ് ബുക്ക് , ട്വിറ്റർ അക്കൗണ്ട് വഴിയും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും നിയന്ത്രണ മാർഗ്ഗങ്ങളെ സംബന്ധിച്ചും പൊതുജനങ്ങൾക്ക് അവബോധം നൽകുന്നുണ്ട്. ഇതു കൂടാതെ Brochures, Palmhlets, Booklets, Notices, Banners എന്നിവയും സൈബർ ബോധവൽക്കരണത്തിനായി ഉപയോഗിക്കുന്നുണ്ട്.

(ഡി) പ്രസ്തുത പരിപാടികൾ നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നപടികൾ വിശദമാക്കുമോ ?

(ഡി) മേൽ വിവരിച്ചതിനു പുറമേ സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് പോലീസിന്റെ ഭാഗത്തുനിന്നും പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നതിൽ വരുത്തേണ്ട കാലികമായ മാറ്റങ്ങളെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു.

സെക്ഷൻ ഓഫീസർ